പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 427

19.10.2011-ൽ മറുപടിയ്ക്ക്

## കേന്ദ്ര പദ്ധതികളുടെ സഹായം സംസ്ഥാനത്തിന് പ്രയോജന പ്പെടുന്നതിന് നേരിടുന്ന പ്രയാസങ്ങൾ

**ചോദ്യം**

ശ്രീ. എം. എ. ബേബി
,, ജെയിംസ് മാത്യു
,, കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)
,, കെ. കെ. നാരായണൻ

എ. ഗ്രാമീണ വികസന മേഖലയിൽ നടപ്പാക്കുന്ന കേന്ദ്രപദ്ധതികളുടെ സഹായം സംസ്ഥാനത്തിന് പ്രയോജനപ്പെടുന്നതിന് നേരിടുന്ന പ്രയാസങ്ങൾ എന്താണെന്ന് വിശദമാക്കാമോ;

**ഉത്തരം**

ശ്രീ.കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി)

എ. ഗ്രാമീണ വികസന മേഖലകളിൽ നടപ്പാക്കുന്ന നിലവിലുള്ള കേന്ദ്ര പദ്ധതികളുടെ സഹായം സംസ്ഥാനത്തിന് പ്രയോജനപ്പെടുത്തുന്നതിന് നേരിടുന്ന പ്രയാസങ്ങൾ താഴെപ്പറയുന്നവയാണ്.

1. സംസ്ഥാനത്ത് പൊതുഭൂമി കുറവായതിനാൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വേണ്ടത്ര തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുനനതിനുതകുന്ന പ്രവർത്തികൾ ഏറ്റെടുക്കാൻ കഴിയുന്നില്ല.
2. തൊഴിലുറപ്പ് പദ്ധതിയുടെ വേതന നിരക്ക് കേരളത്തിൽ നിലവിലുള്ള മിനിമം വേതനത്തെക്കാൾ കുറവായത് പദ്ധതി നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. തൊഴിൽ ആവശ്യപ്പെടുന്നവരുടെ എണ്ണത്തിൽ കുറവുണ്ടാക്കുന്നുണ്ട്.
3. ഇന്ദിരാ ആവാസ് യോജന പ്രകാരം ഒരു വീടിന് അനുവദനീയമായ തുക ഭവന നിർമ്മാണത്തിന് തീരെ അപര്യാപ്തമാണ്.
4. പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം നിർമ്മാണത്തിനായി ഏറ്റെടുക്കുന്ന റോഡുകളിലുള്ള ശുദ്ധജല വിതരണ പൈപ്പ് ലൈനുകൾ, ഇലക്ട്രിക്-ടെലഫോൺ പോസ്റ്റുകൾ എന്നിവ മാറ്റി സ്ഥാപിക്കുന്നതിനുള്ള(യൂട്ടിലിറ്റി ഷിഫ്റ്റിംഗ്) ചെലവ് പദ്ധതി തുകയിൽ നിന്നും ചെലവഴിക്കാൻ അനുവദിക്കാത്തതുമൂലമുണ്ടാകുന്ന അധികച്ചെലവ് സംസ്ഥാനം വഹിക്കേണ്ടി വരുന്നു.

5. പി.എം.ജി.എസ്.വൈ. പദ്ധതിക്ക് ടെണ്ടർ പ്രീമിയം അനുവദിക്കേണ്ടി വരുന്ന സാഹചര്യങ്ങളിൽ ഈ തുക കൂടി പദ്ധതി തുകയിൽ നിന്നും ചെലവഴിക്കാൻ അനുവാദമില്ലാത്തതിനാലുണ്ടാകുന്ന അധിക ച്ചെലവ് സംസ്ഥാനം വഹിക്കേണ്ടി വരുന്നു.

6. റോഡ് നിർമ്മാണത്തിനുള്ള സ്ഥലലഭ്യത ക്കുറവുള്ള സംസ്ഥാനത്ത് നിർമ്മിക്കുന്ന റോഡിന്റെ ഗ്രേഡിയന്റ് 1:12.5 എന്നതിന് പകരം 1:8 എന്ന അനുപാതത്തിലാക്കണമെന്ന ആവശ്യം അംഗികരിക്കാത്തതുമൂലം റോഡ് നിർമ്മാണത്തിനു വേണ്ടതായ സ്ഥലം ലഭ്യമാക്കാൻ കഴിയാതെ വരുന്നതിനാൽ റോഡുകൾ യഥാസമയം പൂർത്തീകരിക്കാൻ കഴിയാതെ വരുന്നു.

7. കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ആവാസ കേന്ദ്രങ്ങളുടെ നിർവ്വചനത്തിൽ മാറ്റം വരുത്താത്തതു മൂലം കൂടുതൽ ആവാസകേന്ദ്രങ്ങളെ പൊതുധാരാ റോഡുകളുമായി ബന്ധിപ്പിക്കുന്ന റോഡ് പ്രവർത്തികൾ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കാൻ കഴിയുന്നില്ല.

ബി. പ്രസ്തുത പ്രയാസങ്ങൾ ലഘൂകരിക്കുന്നതിന് സംസ്ഥാനം വർഷങ്ങളായി നടത്തിക്കൊണ്ടിരിക്കുന്ന ശ്രമങ്ങൾക്ക് എന്തെങ്കിലും പരിഹാരം ഉണ്ടായിട്ടുണ്ടോ ;

ബി. പദ്ധതി നടത്തിപ്പിലെ പോരായ്മകൾ, പ്രയാസങ്ങൾ എന്നിവ കണക്കിലെടുത്ത് കേന്ദ്രാവിഷ്കൃത പദ്ധതികൾ കാലാകാലങ്ങളിൽ പുന:സംഘടിപ്പിക്കുമ്പോൾ പദ്ധതികളുടെ നടത്തിപ്പിന് നേരിടുന്ന പ്രയാസങ്ങൾക്ക് ഒരളവുവരെ പരിഹാരം ഉണ്ടാകാറുണ്ട്. പദ്ധതികൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിനും പ്രയാസങ്ങൾ ലഘൂകരിക്കുന്നതിനും തക്കവിധം പദ്ധതികളുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ മാറ്റം വരുത്തുവാൻ സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ആയത് കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്. എല്ലാക്കാര്യങ്ങളിലും പരിഹാരം ഉണ്ടായിട്ടില്ല എങ്കിലും സംസ്ഥാനം ഉന്നയിച്ചിട്ടുള്ള കാര്യങ്ങളിൽ കേന്ദ്രസർക്കാർ അനുഭാവപൂർണ്ണമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| സി. | കേന്ദ്ര സർക്കാർ മാനദണ്ഡങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ; | സി. | സംസ്ഥാന സർക്കാരിന്റെ ആവശ്യ പ്രകാരം കേന്ദ്രസർക്കാർ മാനദണ്ഡങ്ങളിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. പി.എം.ജി.എസ്.വൈ. റോഡുകൾ കുന്നിൻ പ്രദേശങ്ങളിൽ 6 മീറ്റർ വീതിയിലും സമതല പ്രദേശങ്ങളിൽ 6 മുതൽ 7.5 മീറ്റർ വീതിയിലും നിർമ്മിക്കുവാൻ അനുവാദം ലഭിച്ചിട്ടുണ്ട്.<br>2. ആവാസ കേന്ദ്രങ്ങളുടെ നിർവ്വചനത്തിൽ " കര " കൂടി ഉൾപ്പെടുത്താമെന്ന് കേന്ദ്രം തത്വത്തിൽ സമ്മതിച്ചിട്ടുണ്ട്. ഇതിനുള്ള അനുമതി താമസംവിനാ ഉണ്ടാകുമെന്ന് പ്രതിക്ഷിക്കുന്നു. |
| ഡി. | സംസ്ഥാനത്ത് നിന്നുള്ള കേന്ദ്ര മന്ത്രിമാർക്ക് പ്രസ്തുത കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ സാധിച്ചിട്ടുണ്ടോ ? | ഡി. | ഇക്കാര്യത്തിൽ സംസ്ഥാനത്ത് നിന്നുള്ള കേന്ദ്രമന്ത്രിമാരും സമ്മർദ്ദം ചെലുത്തി വരുന്നു. |

സെക്ഷൻ ഓഫീസർ.